## പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.733 — 10.02.2016-ൽ മറുപടിയ്ക്ക്

### വണ്ടാനം മെഡിക്കൽ കോളേജിന്റെ ചുറ്റുമതിൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജി.സുധാകരൻ** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിന്റെ ചുറ്റുമതിലിന്റെ പടിഞ്ഞാറു ഭാഗം പൊളിച്ചു നീക്കുന്നത് സംബന്ധിച്ച് തർക്കങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ചുറ്റുമതിലിന്റെ പടിഞ്ഞാറു ഭാഗത്തെ അത്യാഹിത വിഭാഗത്തോട് ചേർന്നുള്ള ഭാഗത്ത് മതിൽ പൊളിച്ച് വിക്കറ്റ് ഗേറ്റ് പണിയുന്നതിനുള്ള സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിന് ശ്രീ.പ്രീത്കുമാർ എന്നയാൾ ഹൈക്കോടതിയിൽ കേസ് നൽകിയിട്ടുണ്ട്. |
| (ബി) | പടിഞ്ഞാറു ഭാഗത്തെ മതിൽ പൊളിച്ചു മാറ്റാൻ അധികാരികൾ ഉത്തരവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | 24/11/2014 തീയതിയിലെ ജി.ഒ(ആർ.റ്റി) നം.3770/2014/ആ.കു.വ, 05/01/2015 തീയതിയിലെ ജി.ഒ(ആർ.റ്റി) നം.22/15/ആ.കു.വ, 05/10/2015 തീയതിയിലെ ജി.ഒ(ആർ.റ്റി) നം.3251/15/ആ.കു.വ എന്നിവ പ്രകാരം ചുറ്റുമതിൽ പൊളിച്ച് വിക്കറ്റ് ഗേറ്റ് സ്ഥാപിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. അത് നടപ്പിൽ വരുത്തുന്നതിന് ആശുപത്രി സൂപ്രണ്ട്, പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ നിലവിലുള്ള സർക്കാർ ഉത്തരവിൽ (വിക്കറ്റ് ഗേറ്റ് പണിയുന്നതിന്) തീരുമാനം എടുക്കുന്നത് രണ്ടാഴ്ചത്തേയ്ക്ക് നിർത്തിവെയ്ക്കുന്നതിന് ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധി ലഭ്യമായിട്ടുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് കോടതിയിൽ കേസുകൾ നിലവിലുണ്ടോ; വിശദമാക്കാമോ? | (സി) | ആശുപത്രി ചുറ്റുമതിലിന്റെ പടിഞ്ഞാറുഭാഗത്ത് കച്ചവടം നടത്തുന്ന ശ്രീ.പ്രീത്കുമാറിന് മതിലുപൊളിച്ച് വിക്കറ്റ് ഗേറ്റ് പണിത് കിട്ടുന്നതിന് ടിയാൻ ഫയൽ ചെയ്ത കേസ് നിലനിൽക്കുന്നുണ്ട്. ഇതിനെതിരായി പി.ജി.സ്റ്റുഡന്റ്സ് അസോസിയേഷനും, ഹൗസ് സർജൻസ് അസ്സോസിയേഷനും WP(C) No.2030/16 നമ്പർ കേസ് ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ